പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2621

14/12/2015 -ൽ
മറുപടിയ്ക്കു്

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം**

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടായിരുന്നോ; | എ) & ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ഭരണം കാര്യക്ഷമമാക്കുന്നതിന് ദേവസ്വങ്ങളിലെ കാണിക്ക ജില്ലാ അടിസ്ഥാനത്തിൽ ഓരോ സ്ഥലങ്ങളിലും കേന്ദ്രീകരിച്ച് എണ്ണി തിട്ടപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നു. തിരുവനന്തപുരം ഗ്രൂപ്പിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയത്. തികച്ചും പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ കാണിക്ക തിട്ടപ്പെടുത്തൽ സംവിധാനം ഇപ്പോൾ നടക്കുന്നില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത സംവിധാന പ്രകാരം ഇപ്പോൾ കാണിക്ക തിട്ടപ്പെടുത്തൽ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | | |
| സി) | കൊട്ടാരക്കര ദേവസ്വം ഗ്രൂപ്പിനു കീഴിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള പത്ത് ക്ഷേത്രങ്ങൾ ഏതെല്ലാമാണ്? | സി) | കുലശേഖരനല്ലൂർ മണികണ്ഠേശ്വരം ക്ഷേത്രം, പട്ടാഴി ദേവസ്വം ദേവീ ക്ഷേത്രം, കൊട്ടാരക്കര പടിഞ്ഞാറ്റിൻകര മഹാദേവർ ക്ഷേത്രം, പൊലിക്കോട് ശിവക്ഷേത്രം, വെട്ടിക്കവല ശങ്കരനാരായണ ക്ഷേത്രം, അടൂർ പാർത്ഥസാരഥി ക്ഷേത്രം, മണ്ണടി ഭഗവതി ക്ഷേത്രം, പുല്ലാമല മഹാവിഷ്ണു ക്ഷേത്രം, അറുകാലിക്കൽ മഹാദേവ ക്ഷേത്രം, ചടയമംഗലം മഹാദേവ ക്ഷേത്രം. |

സെക്ഷൻ ഓഫീസർ